ശ്രദ്ധക്ഷണിക്കൽ

## ആരോഗ്യ ചികിത്സാ മേഖലയുടെ വിപുലീകരണം

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ആരോഗ്യ രംഗത്ത് കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇന്ത്യക്ക് മാതൃകയാകാൻ ഈ കൊച്ചുസംസ്ഥാത്തിന് കഴിഞ്ഞിട്ടുണ്ട്. ലോകത്തിലെ അതിവികസിത രാഷ്ട്രങ്ങളോടുപോലും കിടപിടിക്കത്തക്ക വളർച്ച ചികിത്സാരംഗത്ത് കേരളം കൈവരിച്ചിട്ടുണ്ട്. എന്നാൽ കാലവസ്ഥാ വ്യതിയാനങ്ങളോടൊപ്പം പകർച്ച വ്യാധികൾ വ്യാപകമായി കേരളീയ ജനതയുടെ ആരോഗ്യകരമായ ജീവിതത്തെ തുടർച്ചയായി വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു. ജീവിതശൈലീ രോഗങ്ങളായ ഹൃദ്രോഗവും പ്രമേഹവും രക്തസമ്മർദ്ദവും അർബ്ബുദവുമൊക്കെ മലയാളികളെ കീഴടക്കിക്കഴിഞ്ഞു. വിദ്യാഭ്യാസപരമായ വളർച്ച കാരണം സംസ്ഥാനം ആരോഗ്യ സാക്ഷരത നേടി. ഗർഭിണികളും കുട്ടികളും വൃദ്ധരും തൊഴിലാളികളും സ്ത്രീകളും ഉൾപ്പെടെ വിപുലമായ ഒരു ജനസമൂഹം ഗ്രാമപ്രദേശങ്ങളിൽപ്പോലും ദിവസവും ആശുപത്രികൾക്കു മുമ്പിലും ഡോക്ടർമാരുടെ വസതികൾക്കുമുമ്പിലും ക്യൂ നിൽക്കുകയാണ്. വൈവിദ്ധ്യമാർന്ന രോഗങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന ആയിരങ്ങളെ ഉൾക്കൊള്ളുവാനോ തക്കസമയത്ത് അവർക്ക് യുക്തമായ ചികിത്സ നൽകുവാനോ വിവിധ പരിശോധനകൾ നടത്തുവാനോ ശരിയായ മരുന്നുകൾ ന്യായമായ വിലയ്ക്ക് അവർക്ക് ലഭ്യമാക്കുവാനോ ഇപ്പോഴും കേരളത്തിൽ സൗകര്യങ്ങൾ വളരെ പരിമിതമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രികൾ എന്നിവയാണ് ഇവിടെ സർക്കാർ മേഖലയിൽ പ്രവർത്തിച്ചുവരുന്നത്. ഇവിടങ്ങളിലെല്ലാം ഒന്നുകിൽ ഡോക്ടർമാരോ

നഴ്സുമാരോ ഇല്ല; അല്ലെങ്കിൽ ലബോറട്ടറികളില്ല; മരുന്നുകൾ ലഭ്യമല്ല; കിടക്കകളടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമല്ല തുടങ്ങിയ പരാതികളുടെ പ്രവാഹമാണ് നാം ദിവസവും നിയമസഭയ്ക്ക് അകത്തും പുറത്തും കേട്ടുകൊണ്ടിരിക്കുന്നത്. ചികിത്സാസൗകര്യത്തിലെ അപര്യാപ്തതകൾ പറയാനില്ലാത്ത ഒരു ജനപ്രതിനിധിയും ത്രിതല പഞ്ചായത്തുകളിലോ നിയമസഭയിലോ ഇല്ലെന്നുതന്നെ പറയാം. നാട്ടിലുടനീളം കൂടുതൽ മെച്ചപ്പെട്ട ചികിത്സയ്ക്കും ആരോഗ്യ പരിരക്ഷയ്ക്കുംവേണ്ടി ആഗ്രഹിക്കുന്നവരുടെ തിക്കും തിരക്കുമാണ്. സർക്കാരിന്റെ പരിമിതികൾ എല്ലാവർക്കും അറിവുള്ളതാണ്. കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള ഒരു സ്ഥാപനവും പരാതി രഹിതമായി നടത്തുവാനും ജനങ്ങളുടെ ആവശ്യങ്ങളെ സംതൃപ്തമാക്കുവാനും ഇന്നുവരെ ഒരു സർക്കാരിനും ഈ സംസ്ഥാനത്ത് കഴിഞ്ഞിട്ടില്ല. സർക്കാർ സ്ഥാപനങ്ങൾക്കുപുറമെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പല മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും നഗര കേന്ദ്രീകൃതമായി പ്രവർത്തിക്കുന്നവയാണ്. സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന അലോപ്പതി–ആയുർവ്വേദ–ഹോമിയോ ചികിത്സാകേന്ദ്രങ്ങളെല്ലാമുണ്ടെങ്കിലും അവ ഇന്നത്തെ കേരളീയരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ മതിയായവയല്ല. ഓരോ കുടുംബത്തിലും ഒന്നോ അതിലധികമോ രോഗികൾ കേരളത്തിലുള്ളതായി പഠനങ്ങൾ പറയുന്നു. പരിമിതമായ വിഭവങ്ങൾ കൈവശമുള്ള സർക്കാരിന്റെ ഉടമസ്ഥതയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിയുമെന്ന് കരുതാനാവില്ല. വിദ്യാഭ്യാസ മേഖലയിലെ അപര്യാപ്തതകൾക്ക് പരിഹാരം കണ്ടെത്താൻ സർക്കാർ മുമ്പ് എയ്ഡഡ്

മേഖലയിൽ സ്കൂളുകൾ ആരംഭിക്കുകയാണ് ചെയ്തിട്ടുള്ളത്. പൊതു സ്വകാര്യ മേഖലയുടെ സന്നിഗ്ദ്ധ ഉടമസ്ഥതയിൽ എയ്ഡഡ് ആശുപത്രികൾ എല്ലാ ഗ്രാമപ്രദേശങ്ങളിലും പട്ടണങ്ങളിലും പുതുതായി ആരംഭിക്കുവാൻ സർക്കാർ തയ്യാറായാൽ ആരോഗ്യരംഗത്തെ ജനകീയ ആവശ്യങ്ങൾ കൂടുതൽ നിറവേറ്റുവാൻ നമുക്ക് കഴിയും. എല്ലാ ഗ്രാമ പ്രദേശങ്ങളിലും പഞ്ചായത്തുകളിലും ആദിവാസികൾ താമസിക്കുന്ന മലയോര മേഖലയിലും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശത്തും പട്ടികജാതി–പട്ടികവർഗ്ഗ കോളനികളോടുചേർന്നും നഗരങ്ങളിലെ ചേരികളോടുചേർന്നും, ജനാഭിപ്രായം മാനിച്ച് ആവശ്യമായ എല്ലാ പ്രദേശത്തും ന്യായമായ ചെലവിൽ ആധുനികവും ശാസ്ത്രീയവുമായ ചികിത്സ കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കുവാൻ സർക്കാർ എയ്ഡഡ് ആശുപത്രികളെന്ന പുതിയ ആവശ്യം പ്രാവർത്തികമാക്കണമെന്ന് ഞാൻ ഉന്നയിക്കുകയാണ്. പീഡിയാട്രിക്സ്, ഗൈനക്കോളജി, ഒബ്സ്റ്റട്രിക്സ്, ഓർത്തോപീഡിക്സ്, ഒഫ്ത്താൽമോളജി, ഓങ്കോളജി, ജറിയാട്രിക്സ്, ജനറൽ മെഡിസിൻ, കാർഡിയോളജി തുടങ്ങിയ സുപ്രധാന സ്പെഷ്യാലിറ്റികൾ അധികദൂരെയല്ലാത്ത ആശുപത്രികളിൽ നിന്ന് ആവശ്യാനുസരണം രോഗികൾക്ക് ലഭ്യമാക്കുവാൻ ഭാവനാസമ്പന്നമായ മേൽ പ്രസ്താവിച്ച പദ്ധതി പ്രാവർത്തികമാക്കാൻ സർക്കാർ തയ്യാറായാൽ സാധിക്കുന്നതാണ്. ഈ ആശുപത്രികളിലെല്ലാം ചുരുങ്ങിയത് 20 കിടക്കകളും 5 ഡോക്ടർമാരും ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫും ലബോറട്ടറി സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഇവിടെ നിന്നും ലഭ്യമാക്കണം. എയ്ഡഡ് സ്കൂളുകളുടെ അതേ മാതൃകയോ

അനുപാതമോ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതില്ല. പ്രധാനമായും ഗ്രാമീണ ജനതയെ ലക്ഷ്യംവച്ച് ആരംഭിക്കുന്ന ഒരു പദ്ധതിയായി ഇതിനെ കാണുകയാണ് വേണ്ടത്. ആകയാൽ കേരളത്തിന്റെ ആരോഗ്യമേഖലയിൽ പൊതുമേഖലയുടെയും സ്വകാര്യ മേഖലയുടെയും പങ്കാളിത്തത്തോടെ എയ്ഡഡ് ആശുപത്രികൾ ആരംഭിക്കണമെന്ന ആവശ്യത്തിലേയ്ക്ക് ഞാൻ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വിദഗ്ദ്ധ ചികിത്സ പരമാവധി സൗജന്യമായി ജനങ്ങൾക്ക് നൽകുക എന്നുള്ളതാണ് സർക്കാരിന്റെ നയം. സ്വകാര്യ മേഖലയിൽ നിയമാനുസൃതമായ ആശുപത്രികൾ ആരംഭിക്കുന്നതിന് സർക്കാർ യാതൊരുവിധ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ എയ്ഡഡ് ആശുപത്രികളെന്ന ആശയത്തോട് യോജിക്കാൻ നിർവ്വാഹമില്ല. കാരണം നിലവിലുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾക്കാണ് സർക്കാർ ഇപ്പോൾ പ്രാധാന്യം കൊടുക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആരോഗ്യമേഖലയ്ക്ക് ഏറ്റവും മുന്തിയ പരിഗണന നൽകിവരുന്നത്. ആരോഗ്യമേഖലയുടെ വികസനത്തിന് ട്രിനിറ്റി, ത്രിത്വ ഘടകങ്ങളായ അടിസ്ഥാന സൗകര്യ വികസനം, മാനവശേഷിയും മാനവ വിഭവശേഷി വിപുലീകരണവും, സൗജന്യ മരുന്ന് വിതരണം എന്നിവ ശാക്തീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഗ്രാമീണ മേഖലയിലെ ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാതിരുന്ന എല്ലാ പഞ്ചായത്തുകളിലും ഈ

സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചത്. 100 സബ് സെന്ററുകൾക്ക് പുതിയ കെട്ടിടങ്ങൾ, അവ 100 ദിവസം കൊണ്ട് പണി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യായി 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് സൗകര്യങ്ങൾ ഉടൻ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസത്തിനും വിദഗ്ദ്ധ ചികിത്സയ്ക്കുമായി കൊല്ലം ജില്ല ഒഴികെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലത്ത് സ്ഥലം ലഭ്യമായാൽ ഉടൻതന്നെ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികൾക്ക് ദേശീയ അംഗീകാരമായ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ഇപ്പോൾത്തന്നെ ലഭിച്ചുവരുന്നുണ്ട്. ഇതിന്റെ ആദ്യപടിയായി കേരളത്തിലെ എല്ലാ ആശുപത്രികളെയും Kerala Accreditation Standards for Hospitals (KASH) എന്ന പദ്ധതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മാനവ വിഭവശേഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആരോഗ്യ വകുപ്പിൽ നാലായിരത്തിലധികം തസ്തികകൾ ഈ മൂന്നുവർഷംകൊണ്ട് സൃഷ്ടിച്ചു കഴിഞ്ഞു. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സൗജന്യ മരുന്ന് വിതരണം ആരംഭിച്ചു. ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും സൗജന്യ ചികിത്സയാണ് ഇന്ന് കേരളത്തിൽ നൽകുന്നത്. 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും എല്ലാ രോഗങ്ങൾക്കുമുള്ള സൗജന്യ ചികിത്സ നൽകുന്ന

'ആരോഗ്യ കിരണം പദ്ധതി' ഇന്ത്യയിലാദ്യമായി കേരളത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. സർക്കാർ ആരോഗ്യമേഖല വിപുലവും ശക്തവും കാര്യക്ഷമവുമാണെന്നാണ് മേൽപ്പറഞ്ഞ വസ്തുതകൾ സൂചിപ്പിക്കുന്നത്. മെച്ചപ്പെട്ട ചികിത്സ പരമാവധി സൗജന്യമായി എല്ലാവർക്കും എത്തിക്കുകയെന്ന കർമ്മ പദ്ധതിയാണ് സർക്കാർ നടപ്പാക്കുന്നത്. ഈ സാഹചര്യത്തിൽ ആരോഗ്യ രംഗത്ത് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ എയ്ഡഡ് ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല. അതോടൊപ്പം ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കാഷ്വാലിറ്റി സൗകര്യങ്ങളില്ലാത്ത 31–ഓളം താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സൗകര്യങ്ങൾ തുടങ്ങുന്നുണ്ട്. 152 ബ്ലോക്കുകളിലും 4 സ്പെഷ്യലിസ്റ്റുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിനുവേണ്ട നടപടികളും ഗവൺമെന്റ് ഉടൻതന്നെ എടുക്കുന്നതാണ്. അപ്പോൾ സ്വാഭാവികമായും ആരോഗ്യമേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു സാഹചര്യമാണുള്ളത്. എല്ലാ കാര്യങ്ങളും ഭംഗിയായി നിർവ്വഹിക്കപ്പെട്ടുവെന്ന് പറയുന്നില്ലെങ്കിൽപ്പോലും വളരെയധികം മുന്നോട്ടുപോകാൻ ഈ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ സംസ്ഥാന ഗവൺമെന്റ് സാമ്പത്തികമായി മുതൽ മുടക്കുന്നതിനുപകരം സർക്കാർ മേഖലയിലെ ആശുപത്രികളെയും സംവിധാനങ്ങളെയും കൂടുതൽ ശക്തിപ്പെടുത്തുക എന്നുള്ളതാണ് സമീപനം. അതുകൊണ്ടാണ് ഇത്രയധികം കാര്യങ്ങൾ ഈ ഗവൺമെന്റിന്റെ ചുരുങ്ങിയ കാലം കൊണ്ട് നമുക്ക് ചെയ്യാൻ കഴിഞ്ഞത്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഈ സർക്കാർ ആരോഗ്യമേഖലയ്ക്ക് വമ്പിച്ച പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. അതേസമയം സർക്കാർ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ശക്തിപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. 24 മണിക്കൂറും ഡോക്ടർമാരും ചുരുങ്ങിയത് 10 കിടക്കകളുമുള്ള ആശുപത്രികളാക്കി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഉയർത്തുകയും അതുപോലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളില്ലാത്ത എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ഓരോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെങ്കിലും സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, പ്രൈമറി ഹെൽത്ത് സെന്ററുകളെ ശക്തിപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമെന്ന രീതിയിൽ കേരളത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകളില്ലാത്ത 25-ഓളം പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ അടിസ്ഥാന സൗകര്യങ്ങളുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആരോഗ്യവകുപ്പിന്റെ നിർദ്ദേശം ലഭ്യമാകുകയാണെങ്കിൽ അവിടെ കിടത്തി ചികിത്സിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാം. ചില സ്ഥലങ്ങളിൽ ഒ.പി. വളരെ കുറവായിരിക്കും; ഐ.പി. ലഭ്യമാകില്ല. അത് പരിശോധിച്ചതിനുശേഷം അതിനുവേണ്ട നടപടികൾ സ്വീകരിക്കാം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളില്ലാത്ത ബ്ലോക്കുകളുണ്ടെങ്കിൽ തീർച്ചയായും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. അതോടൊപ്പം ഞാൻ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ബ്ലോക്കിലെ കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററിൽ 4 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് തുടങ്ങുന്നതാണ്.

**കയർ മേഖലയിലെ പ്രതിസന്ധി**

ശ്രീ. പി. തിലോത്തമൻ: സർ, കയർ വ്യവസായം ഇന്ന് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ നേരിടുകയാണ്. ഒരുകാലത്ത് ലക്ഷക്കണക്കിനാളുകളുടെ ജീവിതമാർഗ്ഗമായിരുന്ന കയർ വ്യവസായം ഇന്ന് അത് പരിമിതപ്പെട്ട് ആയിരക്കണക്കിന് തൊഴിലാളികളെ മാത്രം കേന്ദ്രീകരിച്ച് പണിയെടുക്കുന്ന ഒരു രംഗമായി മാറി. ഇന്ന് അവരും ഈ രംഗം ഉപേക്ഷിക്കാൻ തയ്യാറായി മറ്റൊരു മേഖലയെ ആശ്രയിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. കയർ പിരിക്കുന്നതിനാവശ്യമായ ചകിരിയുടെ അതിഭയങ്കരമായ വിലയാണ് കയർ വ്യവസായത്തെ ഇന്നത്തെ പ്രതിസന്ധിയിലേക്ക് നയിച്ച ഒരു പ്രധാനപ്പെട്ട കാരണം. തമിഴ്നാട്ടിൽ നിന്ന് ചകിരി കൊണ്ടുവരേണ്ട സ്ഥിതിയാണ്. തമിഴ്നാട്ടിൽ നിന്ന് ഇവിടെ വരുന്ന ചകിരിക്ക് ഒരു കിലോയ്ക്ക് മുപ്പത് രൂപ വില കൊടുക്കേണ്ടി വരികയാണ്. മുപ്പത് രൂപയുടെ ചകിരി വാങ്ങി കയർ പിരിച്ചാൽ ആ കയറിന് കയർഫെഡ് കൊടുക്കുന്നത് 38 രൂപയാണ്. ഉത്പാദനച്ചെലവുമായി യാതൊരു ബന്ധവുമില്ലാത്ത വിലയാണ് കയറിന് നിശ്ചയിച്ചത്, കയർ മേഖലയിൽ പൊതുവിൽ കയർ സംഘങ്ങളെ പ്രത്യേകിച്ചും വല്ലാത്ത കടക്കെണിയിലാക്കി അത് വലിയൊരു തകർച്ചയിലേയ്ക്ക് നയിക്കപ്പെട്ടിരിക്കുകയാണ്. കയർപിരി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഏറ്റവും അവസാനം നിശ്ചയിച്ച കൂലി 260 രൂപയാണ്. ആ 260 രൂപ അവർക്ക് ഉറപ്പായി കിട്ടുന്നതിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയ ഇൻകം സപ്പോർട്ട് സ്കീം കയർ സംഘങ്ങളിൽ വളരെക്കുറച്ച് സംഘങ്ങൾ

മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ വിശാലമായ സ്വകാര്യ മേഖലയിൽ ആ കൂലി ഇന്ന് ലഭ്യമല്ല. അതുകൊണ്ട് കയർ പിരിക്കാൻ ആളില്ലാത്ത സ്ഥിതിയായി. കയർപിരിക്കുന്ന മേഖലയിൽത്തന്നെ വളരെ നിർജ്ജീവമായി. കയർപിരി മേഖല നിശ്ചലമായി, കയർ ഫാക്ടറി മേഖലയിലെ പന്തീരായിരത്തോളം വരുന്ന കയർ ഫാക്ടറികളും വല്ലാത്ത തകർച്ചയുടെ വക്കിലാണ്. അങ്ങനെ പൊതുവിൽ കയർ ഫാക്ടറിയും കയർപിരി മേഖലയും വലിയ തകർച്ചയിൽ അകപ്പെട്ടിരിക്കുന്ന കാഴ്ചയാണ് കയർപിരി മേഖലയെ സംബന്ധിച്ചാണെങ്കിലും കയർ വ്യവസായത്തെ പൊതുവിൽ നോക്കുകയാണെങ്കിലും ഇന്ന് കാണാൻ കഴിയുന്നത്. കയറിന് ആവശ്യമായ ചകിരി നമ്മൾ ഇവിടെ ഉത്പാദിപ്പിച്ചിരുന്നതാണ്. എന്നാൽ നാളികേര കൃഷിയുടെ തകർച്ചയോടുകൂടിയാണ് തമിഴ്നാട്ടിൽ നിന്നുള്ള ചകിരിയെ നമ്മൾ ആശ്രയിക്കാൻ തുടങ്ങിയത്. തമിഴ്നാട്ടിലെ ചകിരി വാങ്ങി കയർപിരിക്കുന്ന സ്ഥിതിയായപ്പോൾ ചകിരി വിൽക്കുന്ന തമിഴ്നാട്ടിലെ മുതലാളിമാർ വാണം പോലെ വില കയറ്റി. എന്നുമാത്രമല്ല, ചകിരിയെല്ലാം കയറ്റുമതി ചെയ്യുകയാണ്. ഇന്ന് നമ്മുടെ കയർ മേഖലയിലെ പ്രധാനപ്പെട്ട ആളുകളൊക്കെ പറയുന്നത് കയർ വ്യവസായത്തിന്റെ ഏറ്റവും നല്ല കാലമാണ്, കയറിന് ഏറ്റവും കൂടുതൽ കയറ്റുമതിയുണ്ടായ വർഷമാണ്, 1116 കോടി രൂപയുടെ കയർ കയറ്റുമതി ചെയ്തില്ലേ എന്നൊക്കെയാണ്. എന്നാൽ അതിന്റെ വിശദാംശങ്ങൾ നോക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് വളരെ ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്. കയർ ഉൽപന്നങ്ങളും കയറും 1116 കോടി രൂപയ്ക്കാണ് കയറ്റുമതി ചെയ്തതെങ്കിൽ അതിൽ തമിഴ്നാടിന്റെ ഷെയർ 82% ഉം കേരളത്തിന്റേത് കേവലം 18% –ൽ ഒതുങ്ങിനിൽക്കുകയുമാണ്. എന്നുപറഞ്ഞാൽ, ഒരുകാലത്ത് കേരള

ത്തിന്റേത് മാത്രമായിരുന്ന കയർ വ്യവസായം ഇന്ന് തമിഴ്നാട്ടിലേയ്ക്ക് കുടിയേറ്റപ്പെടുകയാണ്. ഇന്ന് കയറ്റുമതിക്കാരായ മുതലാളിമാർ സ്ഥാപിച്ചിരിക്കുന്ന പി.വി.സി. ടഫ്റ്റഡ് മാറ്റ് ഏറിയപങ്കും തമിഴ്നാട്ടിലാണ്, കയർ മേഖലയിൽ നിന്നുമാറ്റി വളരെ വിദൂരമായ സ്ഥലങ്ങളിലാണ്. നമ്മുടെ നാട്ടിലാണെങ്കിൽ കയറിനു വലിയ പ്രോത്സാഹനമാണ്. അവിടെ ചകിരി വേണ്ടത്രയുണ്ട്. കയർ ഉത്പാദിപ്പിക്കുവാൻ പുതിയ യന്ത്രങ്ങളുണ്ട്, പി.വി.സി ടഫ്റ്റഡ് മാറ്റിംഗ് അവിടെ ധാരാളം സ്ഥാപിച്ചിരിക്കുകയാണ്. അവിടെ കൂലികുറവ്, സമാധാനപരമായ അന്തരീക്ഷം, ഗവൺമെന്റിന്റെ പ്രോത്സാഹനം, അസംസ്കൃത സാധനങ്ങളുടെ ലഭ്യത എന്നിവ വച്ചുനോക്കുമ്പോൾ തമിഴ്നാട്ടിൽ ആ വ്യവസായം ഇന്ന് നല്ലരീതിയിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റേത് മാത്രമായിരുന്ന കയർ വ്യവസായം, കേരളത്തിൽ നിന്ന് പറിച്ചുമാറ്റപ്പെടുന്ന അവസ്ഥയാണ് പൊതുവിലുള്ളത്. കയർഫാക്ടറി മേഖലയിലാണെങ്കിൽ ഒരുകാലത്ത് കയർ ഉൽപ്പന്നങ്ങൽ, പ്രത്യേകിച്ച് കയർപരവതാനികൾ യൂറോപ്യൻ നാടുകളിൽ വളരെ പ്രിയങ്കരമായിരുന്നു. എന്നാൽ ഇന്ന് ആ ഉൽപ്പന്നത്തിനുപകരം ജൂട്ട്, സൈസൽ പോലുള്ള ഉൽപ്പന്നങ്ങൾ സ്ഥാനംപിടിച്ചിരിക്കുകയാണ്. കയർ ഉത്പന്നങ്ങൾ, ട്രെഡീഷണൽ ഐറ്റംസ് വളരെക്കുറച്ച് മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ട് പരമ്പരാഗത കയർ ഫാക്ടറി മേഖലയിലെ തൊഴിലാളിക്ക് പണിയില്ല. അവർ മറ്റു മേഖലയിലേയ്ക്ക് പോകാൻ നിർബന്ധിതമായി. കയർ മാറ്റ് മേഖല ഇന്ന് നിശ്ചലമായി. ഇന്ന് അവിടെ ജൂട്ട്, സൈസൽ മുതലായ ഉൽപ്പന്നങ്ങൽ സ്ഥാനം പിടിച്ചിരിക്കുന്നു. ജൂട്ട്, സൈസൽ ഉൽപ്പന്നങ്ങളെ മുതലാളിമാർ പ്രോത്സാഹിപ്പിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ജൂട്ട്, സൈസൽ ഉൽപന്നങ്ങൾ നിർമ്മിച്ചാൽ ഡ്യൂട്ടി

ഡ്രോബാക്ക് 14% കൂടുതൽ ലഭിക്കുമെന്നുള്ളതുകൊണ്ട് കയറിനെ അവർ നിരുത്സാഹപ്പെടുത്തുകയാണ്. അങ്ങനെ കയറിനുണ്ടായിരുന്ന ആഗോള വിപണിയിലെ മാർക്കറ്റ് ഇന്ന് കയറ്റുമതിക്കാരായ മുതലാളിമാർ മന:പ്പൂർവ്വം ഇടിച്ചുതാഴ്ത്തി പി.വി.സി. ടഫ്റ്റഡ് ഐറ്റംസ്, ജൂട്ട്, സൈസൽ ഇതുമാത്രമായി സ്ഥാനം പിടിക്കാൻ അവസരം ഒരുക്കിയിരിക്കുകയാണ്. ഇത് നമ്മുടെ പരമ്പരാഗതമായി കയർ ഉൽപന്നങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്ന പന്തീരായിരത്തോളം വരുന്ന ചെറുകിട കയർ ഫാക്ടറികളെയും അതിന്റെ ഉടമകളെയും, അതുപോലെ അവിടെ പണിയെടുത്തിരുന്ന പത്ത് നാൽപതിനായിരത്തോളം വരുന്ന കയർ ഫാക്ടറി തൊഴിലാളികളെയും പ്രതികൂലമായി ബാധിച്ചവല്ലാത്തൊരവസ്ഥയാണ് ഇന്ന് ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിൽ കയർ ഫാക്ടറി മേഖലയിൽ, കേരളത്തിന്റെ തീരപ്രദേശത്ത് കയർപിരി മേഖലയിൽ പൊതുവിൽ ഉണ്ടായിട്ടുള്ളത്. ചെറുകിട കയർ ഫാക്ടറി ഉടമകൾ ആത്മഹത്യ ചെയ്യുന്ന വക്കിലെത്തി നിൽക്കുകയാണ്. കയർ ഫാക്ടറി മേഖലയിൽ പണിയെടുത്തിരുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾ ഈ രംഗം വിട്ടുപോകാൻ നിർബന്ധിതരായി. അങ്ങനെ കേരളത്തിന്റേത് മാത്രമായിരുന്ന ഈ വ്യവസായം, പരമ്പരാഗതമായ ഈ വ്യവസായം ഇന്ന് ഏറ്റവും വലിയ തകർച്ചയെ നേരിടുകയാണ്. അതുകൊണ്ട് ഈ വ്യവസായത്തെ പുന:സംഘടിപ്പിക്കുവാനും, പുന:സംവിധാനം ചെയ്യുവാനും പുതിയ അടിത്തറയിൽ ഇതിനെ പടുത്തുയർത്താനും ആവശ്യമായ മൂലധന നിക്ഷേപം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാവണം. കേരള ഗവൺമെന്റ് ഒരു വഴിക്ക്, കേന്ദ്രം വേറൊരു വഴിക്ക് ഇതാണ് കയർ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ നോക്കിയാൽ നമുക്ക് കാണാൻ കഴിയുന്നത്. കയർ ബോർഡ്

ഇന്നൊരു നോക്കുകുത്തിയായി അധ:പതിച്ചു. നവീകരണത്തിന്റെ മേഖല യിൽ നിന്ന് അവർ ഏതാണ്ട് പരിപൂർണ്ണമായും മാറി കയറ്റുമതിക്കാരുടെ ഒരു ഏജൻസിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരള ഗവൺമെന്റിന്റെ കീഴിലുള്ള കയർഫെഡാണെങ്കിലും ഫോംമാറ്റിംഗ്സാണെങ്കിലും കയർ കോർപ്പറേഷനാണെങ്കിലും അവരുടെ പ്രഖ്യാപിതമായ ലക്ഷ്യങ്ങളിൽ നിന്ന് മാറി സഞ്ചിരിച്ചുകൊണ്ടിരിക്കുകയാണ്. കയർ സംഘങ്ങളെ സഹായിക്കാൻ ബഹുമാന്യനായ മന്ത്രി ചകിരി വില കൂടിയ ഈ സന്ദർഭത്തിൽ ചകിരി സബ്സിഡി ഏർപ്പെടുത്തി. എന്നാൽ അത് നടപ്പിലാക്കി വന്നപ്പോൾ പ്രയോ ജനം ചെയ്യുന്നത് കയർഫെഡിനാണ്. കയർ സംഘങ്ങൾക്കോ കയർപിരി മേഖലയിലെ തൊഴിലാളിക്കോ യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. കഴിഞ്ഞ സർക്കാർ ചെറുകിട കയർ ഫാക്ടറി ഉടമകൾക്ക് ഉൽപ്പന്നത്തിന് ന്യായമായ വില കിട്ടാൻ പദ്ധതികൾ ആവിഷ്കരിച്ച് കയർ കോർപ്പറേഷൻ വഴി നടപ്പിലാക്കിയിരുന്നു. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് അത് നട പ്പിലാക്കാൻ കഴിയുന്നില്ല. ഇന്ന് എവിടെയൊക്കെയോ പോരായ്മകൾ നിഴലി ക്കുകയാണ്. ഫോംമാറ്റിംഗ്സാണെങ്കിൽ നവീകരണ പ്രക്രിയയിൽ നിന്ന് വളരെ ദൂരം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ പൊതുവിൽ കയർ വ്യവസായത്തെ നവീകരിക്കാൻ കൈക്കൊണ്ട നടപടികൾ വേണ്ടത്ര മുന്നോട്ട് പോകുന്നില്ല. കയർ ഫാക്ടറി മേഖലയിൽ നാം ആവിഷ്കരിച്ച പദ്ധതികൾ വേണ്ടത്ര മുന്നോട്ടുപോകുന്നില്ല. പൊതുവിൽ കയർ വ്യവസായം ഇന്ന് കേരളത്തിന്റേതല്ലാതായി, തമിഴ്നാടിന്റെ വ്യവസായമായി മാറിക്കൊണ്ടി രിക്കുന്നു. കേരളത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ വേറെന്താണ് വഴി? പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്ക ലാണ് അതിലേറ്റവും പ്രധാനം. അതുകൊണ്ട് കയർപിരി മേഖലയിൽ പുതിയ

തലമുറയെ ആകർഷിക്കാൻ കഴിയുന്ന, ഉത്പാദനക്ഷമത കൂടുതലുള്ള പുതിയ യന്ത്രങ്ങൾ ആവിഷ്കരിക്കാൻ കഴിയണം. ഇതുവരെയുള്ള യന്ത്ര ങ്ങളൊന്നും ഫലപ്രദമായ റിസൾട്ട് ഉണ്ടാക്കുന്നില്ല. കയറുൽപ്പന്ന നിർമ്മാണ മേഖലയിലും പി.വി.സി. ടഫ്റ്റഡ് മാറ്റ് എന്ന വൻകിട യന്ത്രം ഉപയോഗിച്ച് ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുത്ത് നിർമ്മിക്കാൻ കഴിയുന്നതി നേക്കാൾ കൂടുതൽ തടുക്കുകൾ കേവലമായ മണിക്കൂറുകൾകൊണ്ട് ഒരു യന്ത്രത്തിന് നിർമ്മിക്കാൻ കഴിയും. അത്തരം യന്ത്രത്തിന് പകരം അതിന്റെ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ചെറിയതരം യന്ത്രങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ തീർച്ചയായും കയർ ഫാക്ടറി മേഖലയിൽ ചെറുകിട ഉത്പ്പാദ കരെ സംരക്ഷിക്കാനും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും കഴിയു മെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതുകൊണ്ട് കയർപിരി മേഖലയിലും ഫാക്ടറി മേഖലയിലും മൂലധനം കൂടുതലായി നിക്ഷേപിച്ചു കൊണ്ട് ആ വ്യവസായത്തെ നവീകരിച്ചില്ലെങ്കിൽ ഈ വ്യവസായം നിശ്ശേഷം തകർന്നുപോകും പതിനായിരക്കണക്കായ ആളുകളുടെ ജീവിതമാർഗ്ഗം മുട്ടി പ്പോകുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ വരുന്നത്. അതുകൊണ്ട് ഇൻകം സപ്പോർട്ട് സ്കീം കയർപിരി മേഖലയിൽ നടപ്പിലാക്കിയത് കയർ ഫാക്ടറി മേഖലയിൽ ട്രെഡീഷണൽ ഐറ്റംസിൽ നടപ്പിലാക്കാൻ തയ്യാറാകണം. ഇവിടെ നാളികേര കൃഷിയെ പരിപോഷിപ്പാക്കാൻ കൃഷിവകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. അങ്ങനെ പൊതുവിൽ കയർ വ്യവസായത്തെ നവീകരിക്കാനുള്ള പദ്ധതികൾ ഈ ഗവൺമെന്റ് അടി യന്തിരമായി ആവിഷ്കരിക്കണം എന്ന് ഞാൻ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കയർ വ്യവസായം തകർച്ചയെ നേരിടുകയാണെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസ്താവന ശരിയല്ല. പതിനായിരക്കണക്കിന് ആളുകളുടെ ജീവിതമാർഗ്ഗ മാണ് കയർവ്യവസായമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെയാണ് ഈ മേഖലയെ നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരു ന്നത്. പ്രവർത്തനക്ഷമമായ എല്ലാ കയർ സഹകരണ സംഘങ്ങൾക്കും അർഹമായ പ്രവർത്തന മൂലധനം അനുവദിച്ചതുമൂലം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. 2011-12 ,2012-13, 2013-14 വർഷങ്ങളിൽ 481 കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധന മായി പത്തൊൻപത് കോടി തൊണ്ണൂറ്റിയാറ് ലക്ഷം (19,96,00,000) രൂപ അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പതിമൂന്നുകോടി എട്ട് ലക്ഷം (13,08,00,000) രൂപ അനുവദിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം 2012-13-ൽ പതിനാറ് കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി അറുപത്തി യൊന്നായിരത്തി ഒൻപത് (16,42,61,009) രൂപയും 2013-14 വർഷത്തിൽ പതി നൊന്ന് കോടി നാൽപ്പത്തിയാറ് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി മുപ്പ ത്തിനാല് (11,46,15,534) രൂപയും അനുവദിച്ചുണ്ട്. മലബാർ മേഖലയിലെ കയർ സഹകരണ സംഘങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് പ്രോജക്ടിന്റെ കീഴിൽ പത്ത് കയർപിരി സംഘങ്ങൾക്കും കണ്ണൂർ, പൊന്നാനി പ്രോജക്ടിന്റെ കീഴിലെ അഞ്ച് കയർപിരി സംഘ ങ്ങൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജിന് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന് നാല് കോടി തൊണ്ണൂറ് ലക്ഷം

(4,90,00,000) രൂപ 2012–13 വർഷം ഇതിനായി അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ചകിരിയുടെ വിലവർദ്ധനവ് പരിഗണിച്ച് കയർ സഹകരണ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കിലോഗ്രാമിന് 28 രൂപ എന്ന നിരക്കിൽ ചകിരി സംഭരിച്ച് 20 രൂപ നിരക്കിൽ വിതരണം ചെയ്തുവരികയാണ്. ഈ കഴിഞ്ഞ നവംബർ മാസം 22 മുതൽ ഇതുവരെ കയർഫെഡ് 14,600 ക്വിന്റൽ ചകിരി ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. അംഗസംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വിലയും വർദ്ധിപ്പിച്ചിട്ടുണ്ട്. ചെറുകിട ഉൽപ്പാദക സംഘങ്ങൾ ഉൾപ്പെടെ കയർ മേഖലയിലെ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കയർഫെഡിനും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും വാങ്ങിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 01–4–2012 മുതൽ 21–01–2013 വരെ നാൽപ്പത്തിമൂന്ന് കോടി അറുപത്തിയഞ്ച് ലക്ഷം രൂപയുടെയും 01–04–2013 മുതൽ 21–01–2014 വരെ അറുപത്തിയൊന്ന് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപയുടെയും ഹാന്റ്ലൂം ഉൽപ്പന്നങ്ങൾ ചെറുകിട ഉൽപ്പാദകരിൽനിന്നും സംഭരിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്. കയർപിരി മേഖലയിലെ ഉൽപ്പന്നമേഖലയിൽ നിലവിലുണ്ടായിരുന്ന 260 രൂപ 360 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ മേഖലയിൽ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി കയർ കോമ്പോസിറ്റ് ബോർഡ്, ജൈവവളം ചെരുപ്പ്, കയർ മാട്രെസ്സുകൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്നം വരെയുള്ള ആധുനിക സംയോജിത യൂണി

റ്റിന്റെ പ്രവർത്തനം നടന്നുവരുന്നു. സിവിൽ എഞ്ചിനീയറിംഗിലും ആർക്കിടെക്ചറിലും ഉപയോഗപ്രദമാകുന്ന കയർ ഉൽപ്പന്ന വികസനത്തിനുള്ള പദ്ധതികൾ എം.സി.ആർ. വഴി ആരംഭിച്ചിട്ടുണ്ട്. കയറും ചകിരിനാര് ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. കയർ മേഖലയിലെ ആധുനികവത്കരണത്തിന്റെ ഭാഗമായി പ്രതിദിനം നാലായിരത്തി അഞ്ഞൂറ് ആറായിരംവരെ തൊണ്ട് ചകിരിയാക്കാൻ സാധിക്കുന്ന വിധത്തിൽ പച്ചത്തൊണ്ടിൽനിന്നും ഉണക്കത്തൊണ്ടിൽനിന്നും ചകിരി ഉൽപ്പാദനം നടത്തുന്നതിനുള്ള ക്രഷർ യൂണിറ്റോടുകൂടിയ ഒരു പുതിയ തൊണ്ടുതല്ലൽ യന്ത്രം നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സർക്കാർ ചെയ്യാവുന്ന എല്ലാ നടപടികളും യഥാസമയം സ്വീകരിച്ചുവരികയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണമെന്ന് പറയുന്നതോടൊപ്പംതന്നെ ടഫ്ടൺ മാറ്റിലേക്ക് പോകുന്നതിനെതിരായും അങ്ങ് പറയുകയാണ്. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ഈ വ്യവസായ രംഗത്തെ ആധുനികവത്കരണം ഏറ്റവും അത്യന്താപേക്ഷിതമാണ്. മെക്കനൈസേഷനിലേക്ക് പോകേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ മെക്കനൈസേഷനിലേക്ക് പോകേണ്ട അവസ്ഥ വരുമ്പോൾ പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള സ്ഥിതിവിശേഷം ഉണ്ടായെങ്കിൽ മാത്രമേ കൂടുതൽ ഉൽപ്പാദിപ്പിക്കുവാനും കൂടുതൽ തൊഴിൽ ദിനങ്ങൾ സംഭാവന ചെയ്യുവാനും കഴിയുകയുള്ളൂവെന്ന് അങ്ങേയ്ക്ക് ബോദ്ധ്യമുള്ള കാര്യമാണ്. ഏതായാലും ഈ വ്യവസായ രംഗത്ത് ചെയ്യാൻ

കഴിയുന്ന പരമാവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. 20 രൂപയ്ക്ക് സബ്സിഡി നിരക്കിൽ കൊടുക്കുന്ന ചകിരിനാര് ഉപയോഗിച്ച് പിരിക്കുന്ന കയർ കയർഫെഡിന് കൊടുക്കണമെന്ന നിഷ്കർഷതയോടുകൂടിയാണ് ഗവൺമെന്റ് സബ്സിഡി നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. തിലോത്തമൻ: അങ്ങ് പറഞ്ഞ മെക്കനൈസേഷൻ ജോബ് ഓറിയന്റഡല്ലാത്തതുകൊണ്ടാണ് അതിനെക്കുറിച്ച് അഭിപ്രായം പറഞ്ഞത്. കയർപിരി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയതുപോലെ കയർഫാക്ടറി മേഖലയിലും ട്രെഡിഷണൽ ഐറ്റംസിന് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതോടൊപ്പം ചകിരിക്ക് കൊടുക്കുന്ന സബ്സിഡി കയർ ഫെഡുവഴിയെന്നുള്ളത് അവർ ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ അളവിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് നേരിട്ട് സബ്സിഡി കൊടുക്കുമോ; അതോടൊപ്പം രണ്ട് ചെറുകിട കയർ ഫാക്ടറി ഉടമകൾ കഴിഞ്ഞകാലത്ത് ആത്മഹത്യ ചെയ്യാനിടയായിട്ടുണ്ട്. അവർക്ക് അടിയന്തരമായ സഹായമെത്തിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയാണ് കയർഫെഡ്. ഗവൺമെന്റ് ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ ഓരോ സംഘങ്ങളിലും പ്രത്യേകം പ്രത്യേകം കൊടുക്കുന്നതിനുപകരം കയർ സംഘങ്ങളുടെ അപ്പെക്സ് ബോഡിയെന്നുള്ള നിലയിലാണ് കയർ ഫെഡിനെ ഇതിനായി ചുമതലപ്പെടുത്തി ചകിരിനാര് ഏറ്റെടുക്കുന്നതിനും അതിന് സബ്സിഡി നൽകുന്നതിനുമുള്ള തീരുമാനമെടുത്തത്. കയർഫെഡ് എടുത്തുകൊടുക്കുന്ന ചകിരിനാര് ഉപയോഗിച്ച് പിരിച്ചെടുക്കുന്ന കയർ കയർഫെഡിനെ ഏൽപ്പിക്കണമെന്നുള്ള നിബന്ധനയാണ് ഗവൺമെന്റ് വച്ചി

ട്ടുള്ളത്. അത് മാറ്റാൻ സാധിക്കുന്ന ഒരു കാര്യമല്ല. കാരണം, ഒരു അപ്പെക്സ് ബോഡിയെന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി നടത്തിക്കൊണ്ടുപോകുന്നു എന്നതുകൊണ്ട് മാറ്റങ്ങൾ ഉണ്ടാക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

(സബ്മിഷൻ)